LIBRARY ARCHIVES Kerala Legislative Assembly

മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

114(724) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ?

1251 കിലോമീറ്റർ വരുന്ന മലയോര ഹൈവേയുടെ 255 കിലോമീറ്റർ ഇതിനോടകം കരാർ നൽകി നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 69 കിലോമീറ്റർ പൂർണ്ണമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ?

മലയോര ഹൈവേയുടെ 14.975 കിലോമീറ്ററാണ് പേരാമ്പ്ര നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്നത്.

(സി) ഇതിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

തൊട്ടിൽപ്പാലം മുതൽ തലയാട് വരെയുള്ള മലയോര ഹൈവേയുടെ 36 കിലോമീറ്ററിൽ 6.2 കിലോമീറ്റർ റോഡിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് 14.25 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതും സ്ഥല ലഭ്യതയുള്ളതുമായ റീച്ചിൽ ഭാഗിക സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രവൃത്തിയിൽ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗം വനംവകുപ്പ്, നാറ്റ്പാക് എന്നിവരുമായി ചേർന്ന് 6-7-2021-ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വനം വകുപ്പ് നിർദ്ദേശിച്ച പുതിയ അലൈൻമെന്റ് പ്രകാരം മാറ്റം വരുത്തുന്നതിനുള്ള സാധ്യതകൾ നാറ്റ്പാക് പരിശോധിച്ചുവരുന്നു.

പാലിയേക്കരയിലെ ടോൾ പ്ലാസ

115(725) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് നിയോജകമണ്ഡലത്തിലെ പാലിയേക്കര ടോൾ പ്ലാസയിൽ തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ യാത്രാപാസ്സ് പുതുക്കുന്നതിനായി ഓരോ മൂന്ന് മാസത്തിലും വാഹനങ്ങളുടെ ആർ.സി. ബുക്കിന്റെ പകർപ്പും ആറ് മാസത്തിലൊരിക്കൽ റസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പും നൽകണമെന്ന ടോൾപ്ലാസ അധികാരികളുടെ നിബന്ധന കോവിഡ് മഹാമാരി വ്യാപന സാധ്യത കണക്കിലെടുത്ത് വർഷത്തിലൊരിക്കലാക്കി പുതുക്കി നിശ്ചയിക്കുന്നതിനും ആയത് ഓൺലൈനായി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിന് ഇടപെടൽ നടത്തുമോയെന്ന് അറിയിക്കുമോ?